16.12.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് ആലപ്പുഴ ജില്ലയിലെ കായംകുളം മാവേലിക്കര, ചെങ്ങന്നൂർ എന്നീ മണ്ഡലങ്ങളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല എന്നീ മണ്ഡലത്തിലും സംഘടിപ്പിക്കുന്നു.

2. കാർഷികപ്പെരുമയുടെ നേർക്കാഴ്ച ഒരുക്കി 14 ആമത് ഓണാട്ടുകര കാർഷികോത്സവം 2023 ഡിസംബർ 27മുതൽ 31വരെ ആലപ്പുഴ ജില്ലിയലെ ആവണി ഗ്രൗണ്ട് പറയംകുളം ചാരുമൂട് വച്ച് നടത്തപ്പെടുന്നു. ഇതിന്റെ ഉദ്ഘാടനം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവ്വഹിക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശനം, കന്നുകാലി പ്രദർശനം, കാർഷിക സ്റ്റാളുകൾ, കാർഷിക സെമിനാർ, കാർഷിക മത്സരം, നാടൻ ഭക്ഷ്യമേള, വിദ്യാർത്ഥികളുടെ ക്വിസ് മത്സരം, സർക്കാർ സർക്കാരേതര സ്റ്റാളുകൾ, കലാ-സാംസ്കാരിക സായാഹ്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446513771, 9447430589 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ ചേരാൻ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ഡിസംബർ 31 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ തെങ്ങ്, റബ്ബർ, നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, ചെറു കിഴങ്ങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ)

പച്ചക്കറി വിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥാ നിശ്ചിത വിള ഇൻഷുറൻസിൽ ഓരോ വിളക്കും വെവ്വേറെ പ്രതികൂല കാലാവസ്ഥ ഘടകങ്ങളും അതു കൃഷിഭവൻ അല്ലെങ്കിൽ ഇൻഷുറൻസ് കമ്പനിയെ നേരിട്ടോ രേഖാമൂലമോ 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിലോ അറിയിക്കേണ്ടതാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രങ്ങൾ വഴി കർഷകർക്ക് ഓൺലൈൻ ആയി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിൻ്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിൻ്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം.

4. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" 2024 ജനുവരി 1 ന് വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

5. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ 2023-24 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുള്ളത്. എസ്.എസ്.എൽ.സി, പ്ലസ് ടു, ഗ്രാജുവേഷൻ, പ്രൊഫഷണൽ ഡിഗ്രി എന്നീ തലങ്ങളിലാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷകർ 2022-23 അക്കാദമിക് വർഷത്തിൽ മേൽ പരാമർശിച്ചിട്ടുള്ള തലങ്ങളിൽ പഠനം പൂർത്തീകരിച്ചതും 2023-24 വർഷം യോഗ്യതാ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും ആയിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും അപേക്ഷയും കേരള ക്ഷീരകർഷക www.kdfwf.org ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. ക്ഷീരവികസന യൂണിറ്റ് തലത്തിൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2023 ഡിസംബർ 30.

6. ഗുണനിലവാരമുള്ള വനാമി ചെമ്മീൻ വിത്തുകൾ കർഷകർക്ക് മിതമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലയിലെ മാപ്പിളബേയിലെ വനാമി ചെമ്മീൻ വിത്ത് ഉൽപാദന കേന്ദ്രത്തിൽ പി.സി.ആർ ടെസ്റ്റുകൾ കഴിഞ്ഞതും രോഗാണുവിമുക്തമായതും ഗുണനിലവാരം ഉള്ളതുമായ ചെമ്മീൻ വിത്തുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ മാനേജർ, മത്സ്യഫെഡ്, വനാമി ചെമ്മീൻ വിത്ത് ഉൽപാദന കേന്ദ്ര,ം ഫിഷറീസ് കോംപ്ലക്സ്, മാപ്പിളബേ, കണ്ണൂർ എന്ന

വിലാസത്തിലോ 9526041127, 9567250858 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ മാസം ഇന്ന് (16ന്) **പോത്ത് വളർത്തൽ** എന്ന വിഷയത്തിലും , 22ന് **ഇറച്ചി കോഴി വളർത്തൽ** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 0484 2950408

8. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെയുള്ള 15 പ്രവർത്തി ദിവസങ്ങളിൽ **നഴ്സറി ടെക്നിക്സ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി, പഴവർഗ്ഗ, അലങ്കാരചെടികളിലെ ഉൽപ്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം ലഭിക്കും. പരിശീലന ഫീസ് 2,000 രൂപ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8077268538 എന്ന ഫോൺ നമ്പറിൽ സമയം 9 മുതൽ 4 വരെയുള്ള സമയങ്ങളിൽ വിളിക്കേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2023 ഡിസംബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

19-ന് ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405, 04812351313 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

10. എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയും സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ വച്ച് ഡിസംബർ 28,29,30 തീയതികളിൽ (കേരള ഹൈക്കോടതിയ്ക്ക് സമീപം) രാവിലെ 11 മണി മുതൽ രാത്രി 8 മണി വരെ ഒരു മില്ലറ്റും മീനും മേള സംഘടിപ്പിക്കുന്നു. ചെറുധാന്യങ്ങളുടെ പോഷക മൂല്യആരോഗ്യഗുണങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് മേളയുടെ ലക്ഷ്യം. ഇതോടനുബന്ധിച്ച് ചെറുധാന്യമത്സ്യ ഭക്ഷ്യമേളയും ചെറുധാന്യമത്സ്യ വില്പനയും, ചെറുധാന്യങ്ങളുടെ പാചക മത്സരവും ഉണ്ടായിരിക്കുന്നുതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം